## മുക്കുപണ്ടം പണയം വെച്ച് പണം തട്ടുന്നയാൾ പിടിയിൽ

------------------------------------------------------------



കോട്ടയം എറണാകുളം ഇടുക്കി ജില്ലകളിൽ വിവിധയിടങ്ങളിൽ മുക്കുപണ്ടം പണയം വെച്ച് ലക്ഷങ്ങൾ തട്ടിയ ഇടുക്കി സ്വദേശി ആയ ബോബി ഫിലിപ്പിനെ ഗാന്ധിനഗർ പോലീസ് അറസ്റ്റ് ചെയ്തു. കോട്ടയം ആർപ്പൂക്കര വില്ലൂന്നി ഭാഗത്തെ ഫിനാൻസ് സ്ഥാപനത്തിൽ 24 ഗ്രാം മുക്കുപണ്ടം പണയംവെച്ച് 50,000 രൂപയോളം തട്ടിയെടുത്ത കേസിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോട്ടയം ഡിവൈഎസ്പി ആർ ശ്രീകുമാറിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് ഗാന്ധിനഗർ SHO ക്ലീറ്റസ് ജോസഫിൻ്റെ നിർദ്ദേശാനുസരണം SI K.ദീപക് , ASI സജി M.P , സിപിഒ മാരായ ഷൈൻ, അനീഷ്, രാകേഷ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പ്രതിയെ അറസ്റ്റ് ചെയ്തത്.പ്രതിയെ നാളെ കോടതിയിൽ ഹാജരാക്കും.

***ജില്ലാ പോലീസ്, കോട്ടയം***